**കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത്**
**അയ്യമ്പിള്ളി പി. ഒ., എറണാകുളം – 682501**
**ഫോൺ 0484–2488236 kuzhuppillypanchayat@gmail.com**

**എ3–87/20**

**തീയതി–04.10.2019**

## റീ ടെണ്ടർ നോട്ടീസ്

കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ *(സി.എഫ്.എൽ–449എണ്ണം, എസ്.വി .ലാംപ്–8 എണ്ണം, ട്യൂബ്സെറ്റ്–209 എണ്ണം, എൽ ഇ ഡി ലൈറ്റുകൾ 195 എണ്ണം എന്നിവയും കൂടാതെ 2018–19 സാമ്പത്തിക വർഷം പുതുതായി സ്ഥാപിച്ചിട്ടുള്ള 195 എൽ.ഇ.ഡി. ലൈറ്റുകളും നിലവിലെ ഒരുവർഷ സർവ്വീസ്ഗ്യാരന്റി തീരുന്ന മുറയ്ക്ക് 01.04.2020 മുതൽ ഇതിൽ ഉൾപ്പെടുന്നതാണ്)* മെറ്റീരിയൽസ് ഉൾപ്പെടെ അറ്റകുറ്റപ്പണികൾ നടത്തി മുടക്കംവരാതെ തെളിയിക്കുന്നതിന് ഇലക്ട്രിക്കൽ കോൺട്രാക്ട് ലൈസൻസുള്ള അംഗീകൃത കരാറുകാർ/സ്ഥാപനങ്ങളിൽ നിന്നും മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിക്കുന്നു. ബഹു:തദ്ദേശസ്വയംഭരണവകുപ്പിന്റെ 15.09.2011ലെ3055/ഡിഎ3/2011/എൽ.എസ്.ജി.ഡി നമ്പർ സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരം പഞ്ചായത്തുമായി വാർഷിക അറ്റകുറ്റപ്പണി (എ.എം.സി.) കരാറിൽ ഏർപ്പെട്ട് പ്രവൃത്തി നടപ്പാക്കേണ്ടതാണ്.

**ഫോറവില– 200/– + 12% ജി.എസ്.ടി + 1% പ്രളയ സെസ്സ് , നിരതദ്രവ്യം (ഇ.എം.ഡി.)– 8500/–രൂപ**

**ഫോറം ലഭിക്കുന്ന അവസാന തീയതി 25.10.2019 1 പി.എം.വരെ**

**പൂരിപ്പിച്ച ടെണ്ടർ ഫോറം 25.10.2019 3 പി.എം. വരെ സ്വീകരിക്കുന്നതാണ്.**

**ലഭിച്ച ടെണ്ടർ അന്നേദിവസം 3.30 പി.എം.–ന് തുറന്ന് പരിശോധിക്കുന്നതാണ്.**

<u>നിബന്ധനകൾ</u>

1. മുദ്രവച്ച കവറിൽ, ടെണ്ടറിനൊപ്പം ഇ.എം.ഡി. ഒടുക്കിയ രസീത്/പകർപ്പ്, അംഗീകൃത ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയപകർപ്പ്,200/–രൂപമുദ്രപത്രത്തിലുള്ള പ്രാഥമികകരാർ, ജി.എസ്.ടി രജിസ്ട്രേഷൻ വിവരങ്ങൾ എന്നിവയും ഉള്ളടക്കം ചെയ്യേണ്ടതാണ്.
2. ടെണ്ടറിൽ ഒരു വർഷക്കാലം തെരുവ്വിളക്കുകൾ റിപ്പയർ ചെയ്ത് തെളിയിക്കുന്നതിനുള്ള മെറ്റീരിയൽസ്/ഫിറ്റിങ്ങ്സ് ചാർജ്, ലേബർ ചാർജ് ഉൾപ്പെടെ ആകെയുള്ള തുകയാണ് രേഖപ്പെടുത്തേണ്ടത്. അറ്റകുറ്റപ്പണിക്കാവശ്യമായ ഉന്നതനിലവാരത്തിലുള്ളതും ഗ്യാരന്റിയുള്ളതുമായ മെറ്റീരിയൽസ്/ഫിറ്റിങ്ങ്സ് കരാറുകാരൻ തന്നെ വാങ്ങിഇടേണ്ടതാണ്.
3. കരാറുകാരൻ തന്നെ, പ്രവൃത്തി ചെയ്യുന്ന സ്ഥലവും സമയവും ബന്ധപ്പെട്ട കെ.എസ്.ഇ.ബി. ഓഫീസിൽ മുൻകൂട്ടി അറിയിച്ച് അനുമതി വാങ്ങി സുരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. പ്രവൃത്തി സമയത്തുണ്ടാവുന്ന കഷ്ടനഷ്ടങ്ങൾക്ക് കരാറുകാരൻ മാത്രമായിരിക്കും ഉത്തരവാദി.
4. ടെണ്ടർ അംഗീകരിച്ചു കഴിഞ്ഞാൽ 7 ദിവസത്തിനകം സെക്യൂരിറ്റിഡെപ്പോസിറ്റ്(കരാർ തുകയുടെ 10%) അടച്ച് പഞ്ചായത്തുമായി 200/–രൂപ മുദ്രപത്രത്തിൽ വിശദമായ കാരാർ ഉടമ്പടി ഒപ്പുവെച്ച് പ്രവൃത്തി ആരംഭിക്കേണ്ടതുമാണ്. എ.എം.സി. കാലാവധി കരാർ തീയതി മുതൽ 1 വർഷത്തേക്ക് ആയിരിക്കും. പ്രവൃത്തി നടത്തിയതിന്റെ വിശദവിവരങ്ങൾ ഉൾപ്പെടുന്ന അപേക്ഷ,ബില്ലുകൾ, വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം എന്നിവയുടെ അടിസ്ഥാനത്തിൽ 3 മാസത്തിലൊരിക്കൽ പഞ്ചായത്ത്കമ്മറ്റിയുടെ അനുമതിയോടുകൂടി ബന്ധപ്പെട്ട നികുതികൾ ഈടാക്കിയശേഷം കരാറുകാരന്റെ ബാങ്ക് അക്കൗണ്ടിലേക്ക് തുക അനുവദിക്കുന്നതാണ്.
5. ടെണ്ടർ അംഗീകരിക്കുന്നതിനും നിരസിക്കുന്നതിനും മാറ്റങ്ങൾ വരുത്തുന്നതിനും ഉള്ള പൂർണ്ണഅധികാരം പഞ്ചായത്ത് കമ്മറ്റിയിൽ നിക്ഷിപ്തമാണ്. ടെണ്ടർ ഫോറങ്ങൾ പഞ്ചായത്ത് ഓഫീസിൽ നിന്ന് പ്രവൃത്തി ദിവസങ്ങളിൽ 10 എ.എം. മുതൽ 3പി.എം. വരെ ലഭിക്കുന്നതാണ്.ഏതെങ്കിലും കാരണവശാൽ ടെണ്ടർ സ്വീകരിക്കുന്ന അവസാനദിവസം അവധിയായാൽ തൊട്ടടുത്തപ്രവൃത്തിദിവസം ടെണ്ടർ തുറന്ന് പരിശോധിക്കുന്നതാണ്.
6. കരാറുകാരനിൽ നിന്ന് നിലനില്ക്കുന്ന നിരക്കിലുള്ള നിയമാനുസൃത നികുതികൾ (ഐ.ടി., ജി.എസ്.ടി., കെ.സി.ഡബ്ലിയു.ഡബ്ലിയു.എഫ്. എന്നിവ) ഈടാക്കുന്നതാണ്.
7. ടെണ്ടറിന് നിലവിലുള്ള പഞ്ചായത്ത്‌രാജ് നിയമവും ചട്ടങ്ങളും ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും ബാധകമായിരിക്കും.

(ഒപ്പ്)
സെക്രട്ടറി

സഞ്ജയ് പ്രഭു. എ
സെക്രട്ടറി
കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത്
ഫോൺ–0484–2488236